ചാരിറ്റബിൾ സൊസൈറ്റീസ് ആക്റ്റ്

165 [3570] ശ്രീ. സി. മോയിൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യുന്നതിന് തിരുവിതാംകൂർ-കൊച്ചി ആക്ട്, സെൻട്രൽ ആക്ട് തുടങ്ങിയ ആക്ടുകൾ നിലവിലുണ്ടോ എന്നു വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ആക്ടുകൾ ഏകോപിപ്പിച്ച് കേരള ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് രൂപീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ട്. 1955-ലെ 12-ാമത് തിരുവിതാംകൂർ കൊച്ചി ലിറ്ററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം തിരുവിതാംകൂർ കൊച്ചി മേഖലയിൽ സൊസൈറ്റി രജിസ്ട്രേഷൻ നടത്തുന്നു. 1860-ലെ ഇന്ത്യൻ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരമാണ് മലബാർ മേഖലയിൽ രജിസ്ട്രേഷൻ നടത്തുന്നത്.

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ഗ്രാമവികസന കമ്മീഷണറുടെ അധികാരങ്ങൾ

166 [3571] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 14-5-2002-ലെ ജി. ഒ. (പി) നമ്പർ 69/02/എൽഎസ്ജിഡി പ്രകാരം ഗ്രാമവികസന കമ്മീഷണറുടെ അധികാരങ്ങൾ താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥർക്ക് കൈമാറിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം അധികാരങ്ങളാണ് കൈമാറിയിട്ടുള്ളതെന്ന് വ്യക്ത മാക്കുമോ;

(സി) ഗ്രാമവികസന കമ്മീഷണറുടെ അധികാരം കുറവ് ചെയ്യാനുണ്ടായ സാഹചര്യം അറിയിക്കാമോ;

(ഡി) ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി എടുക്കാനുള്ള അധികാരം ഗ്രാമവികസന കമ്മീഷണർക്ക് ഇല്ലാത്തതുമൂലം ഗ്രാമ വികസനവകുപ്പിലെ ജീവന ക്കാരുടെ അച്ചടക്കം കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിൻമേൽ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) വികസന പരിപാടികളിൽ ഗ്രാമവികസന കമ്മീഷണർക്ക് കൂടുതൽ ശ്രദ്ധ ചെലുത്താൻ വേണ്ടിയാണ് ചില അധികാരങ്ങൾ കുറവ് ചെയ്തത്.

(ഡി) ജീവനക്കാർക്കെതിരെ അച്ചടക്ക നടപടി എടുക്കാനുള്ള അധികാരം ഗ്രാമവികസന കമ്മീഷണർക്കുണ്ട്. എന്നാൽ ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ തസ്തികവരെയുള്ള ജീവനക്കാർക്കെതിരെ ലഘുശിക്ഷണ നടപടി എടുക്കുന്നതിനുള്ള അധികാരം അഡീഷണൽ ഡവലപ്മെന്റ് കമ്മീഷണർക്കുകൂടി നൽകിയിട്ടുണ്ട്.

ഗ്രാമവികസന വകുപ്പ് ഓഫീസുകളിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

167 [3572] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2002-03, 2003-04 വർഷങ്ങളിൽ ഗ്രാമവികസന വകുപ്പിലെ ഏതെങ്കിലും ഓഫീസുകളിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗം പരിശോധന നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇപ്രകാരം അന്വേഷണം നടത്തിയതിൽ ഒരു ലക്ഷം രൂപയ്ക്കു മേൽ ക്രമക്കേട് കണ്ടെത്തിയ ഏതൊക്കെ ഓഫീസുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(സി) ഇത്തരത്തിൽ ക്രമക്കേട് കാട്ടിയ എത്ര ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്യണമെന്ന് ഫിനാൻസ് ഇൻസ്പെക്ഷൻ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(ഡി) അതിൽ എത്ര പേരെ സസ്പെന്റ് ചെയ്തു; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൽപ്പറ്റ, കൊട്ടാരക്കര, മുഖത്തല എന്നീ ബ്ലോക്ക് പഞ്ചായത്ത് (ബ്ലോക്ക് ഡവലപ്പ്മെന്റ്) ഓഫീസുകളിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്.

(സി) ഒരുദ്യോഗസ്ഥനെ സസ്പെന്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു.

(ഡി) ഒരാളെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly